നമ്പർ. 28/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ........................................................................................ ........................................................................................ പള്ളി വികാരിയും ദേശത്ത് പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

കർത്താവിൽ പ്രിയരേ,

കാതോലിക്കാ ദിനമായി ആചരിക്കുന്ന നമ്മുടെ സഭാ ദിനം ഈ വർഷം മാർച്ച് മാസം 9-ാം തീയതി അതായത് വലിയ നോമ്പിലെ 36 -ാം ഞായറാഴ്ചയാണല്ലോ. പതിവനുസരിച്ചുള്ള എല്ലാ പരിപാടികളും, കേന്ദ്രനിർദ്ദേശപ്രകാരം നമ്മുടെ എല്ലാ പള്ളികളിലും നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യണം. അന്നേ ദിവസം രാവിലെ കാതോലിക്കേറ്റ് പതാക ഉയർത്തുകയും വി. കുർബ്ബാന മദ്ധ്യേ സഭക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും വി. കുർബ്ബാനക്കുശേഷം നമ്മുടെ സഭയുടെ വിശ്വാസം, പാരമ്പര്യം, സ്വാതന്ത്ര്യം, നമ്മുടെ പൂർവ്വിക പിതാക്കന്മാരുടെ ധീരമായ നിലപാടുകൾ എന്നിവ സംബന്ധിച്ച് വിശ്വാസികളെ പ്രബോധിപ്പിക്കുകയും ചെയ്യണം. തുടർന്ന് സഭാദിന പ്രതിജ്ഞ എടുക്കുകയും ചെയ്യണം. ഈവക പരിപാടികളെല്ലാം ഭരണസമിതിയുമായി ആലോചിച്ച് ക്രമീകരിക്കുന്നതിന് വികാരിമാർ നേതൃത്വം നൽകണം.

വാൽസല്യ മക്കളെ,

ഈ സുദിനത്തോടനുബന്ധിച്ച് നടത്തിവരാറുള്ള കാതോലിക്കാ ദിനപ്പിരിവ് വിജയിപ്പിക്കുന്നതിനുള്ള തീവ്രശ്രമം നടത്തണം. നമ്മുടെ ഫൈനാൻസ് കമ്മറ്റിയുമായി ആലോചിച്ച് 2008-2009 വർഷത്തെ ആകമാന ടാർജറ്റ് മൂന്നു കോടി ലക്ഷ്യമിട്ടിരിക്കുകയാണ്. ഇതിനായി ഓരോ ഭവനങ്ങളിൽ നിന്നും ഇന്ത്യക്കുള്ളിൽ ശരാശരി 100 രൂപയിൽ കുറയാതെയും, ഗൾഫ് മേഖല, സിംഗപ്പൂർ, മലേഷ്യ, ഓസ്ട്രേലിയ, ആഫ്രിക്ക മുതലായ മേഖലകളിൽ നിന്ന് 750 രൂപയിൽ കുറയാതെയും, അമേരിക്ക, കാഡനാ, യൂറോപ്പ് എന്നിവിടങ്ങളിൽ നിന്ന് 1000 രൂപയിൽ കുറയാതെയുമുള്ള തുക ലഭിക്കേണ്ടതുണ്ട്. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും, സാധുജന സംരക്ഷണത്തിനും പ്രാധാന്യം നൽകിയായിരിക്കും കാതോലിക്കാ ദിനപിരിവിന്റെ തുകയുടെ വിനിയോഗം. എല്ലാ ഭവനങ്ങളിലും കവറും ഫോൾഡറും

(മറുപുറം..........)

എത്തിക്കുകയും യഥാസമയം ഭവനങ്ങളിൽ നിന്നും നിശ്ചിത തുകയോടുകൂടി കവർ തിരികെ സ്വീകരിക്കുകയും വേണം. സഭാംഗങ്ങളായ ഉദ്യോഗസ്ഥരെയും വ്യാപാരി വ്യവസായികളെയും നേരിൽ ബന്ധപ്പെട്ടും സഭയ്ക്കുവേണ്ടി സംഭാവന സ്വീകരിക്കണം. ഇടവക വികാരിയുടെയും മറ്റു ഭാരവാഹികളുടെയും നേതൃത്വത്തിൽ ഭവനങ്ങൾ സന്ദർശിച്ച് ടാർജറ്റിൽ കവിഞ്ഞ തുക ശേഖരിച്ച് സഭയെ സഹായിക്കണമെന്ന് നാം നിങ്ങളുടെ സ്നേഹത്തോട് ആവശ്യപ്പെടുന്നു.

മേൽപറഞ്ഞ പരിപാടികളുടെ പ്രചരണാർത്ഥം കേരളത്തിലുള്ള എല്ലാ മെത്രാസനങ്ങളിലും യോഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ആ യോഗങ്ങളിൽ, നമ്മുടെ ആരോഗ്യം അനുവദിക്കുമെങ്കിൽ നാമും, നമ്മുടെ അസിസ്റ്റന്റും നിയുക്ത കാതോലിക്കായുമായ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായും, സഭയുടെ ഫൈനാൻസ് കമ്മറ്റി പ്രസിഡന്റ് ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായും അതാത് മെത്രാസന മെത്രാപ്പോലീത്താമാരും, വൈദിക ട്രസ്റ്റി ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് കത്തനാർ, അൽമായ ട്രസ്റ്റി ശ്രീ എം.ജി. ജോർജ് മുത്തൂറ്റ്, അസ്സോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫ് എന്നീ സ്ഥാനികളും കഴിവുള്ളടത്തോളം യോഗത്തിൽ സംബന്ധിക്കുന്നതാണ്. ഓരോ യോഗത്തിലും അതതു മെത്രാസന പള്ളി വികാരിമാരും സഹവികാരിമാരും പള്ളി പ്രതിനിധികളും ആധ്യാത്മിക സംഘടനാ പ്രതിനിധികളും മറ്റ് താൽപര്യമുള്ളവരും വന്ന് പങ്കെടുക്കണം. വികാരിമാർ ഹാജർ പുസ്തകത്തിൽ പേരെഴുതി ഒപ്പിടണം.

ഇപ്രകാരം 2008 ഫെബ്രുവരി മാസം ........................-ാം തീയതി .....................................................ഴ്ച പകൽ ..........................മണിക്ക് .........................................................................................................................വെച്ച് കൂടുന്ന .................................................................................................മെത്രാസനത്തിലെ യോഗത്തിൽ ആ പള്ളിയിൽ നിന്നുമുള്ള പ്രതിനിധികൾ വന്നു സംബന്ധിക്കണമെന്ന് നാം പ്രത്യേകം താല്പര്യപ്പെടുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................



**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ**

2008 ജനുവരി മാസം 17-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.